
# കേരളത്തിന്റെ പുരോഗതി

## ചരിത്രവീക്ഷണത്തിലൂടെ....

ലോകപ്രശസ്ത സംസ്കാരങ്ങളായ റോമിന്റെയും ഗ്രീക്കിന്റേയും ചരിത്രം ഉൽഭവിക്കുന്നത് ഐതിഹ്യങ്ങളിൽനിന്നുമാണ്. സഹ്യാദ്രിയാലും അറേബ്യൻ പാരാവാരത്താലും വേർതിരിക്കപ്പെട്ട കേരളമെന്ന കൊച്ചുപ്രദേശത്തിന്റെ ചരിത്രവും 'പരശുരാമ ഐതിഹ്യ'ത്തോട് കൂടിയാണ് ആരംഭിക്കുന്നത്. ഇങ്ങനെ ഐതിഹ്യങ്ങളും നാടോടിപ്പാട്ടുകളും കെട്ടുകഥകളും സൗകര്യംപോലെ ഉപയോഗിച്ച് നാട്ടിന് ഒരു ഉജ്ജ്വലഭൂതകാലം സൃഷ്ടിക്കുവാനുള്ള ശ്രമങ്ങൾ ഏതാണ്ടെല്ലാ നാട്ടിലും നടന്നിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്.

ഇത്തരത്തിലുള്ള വസ്തുതകൾ പരിശോധിക്കുന്നതോടൊപ്പം തന്നെ കേരളത്തിന്റെ പുരോഗതിയെക്കുറിച്ച് നമുക്ക് ഒരവബോധം ആവശ്യമാണ്. കേരള ചരിത്രപുരോഗതിയെക്കുറിച്ച് വിവിധങ്ങളായ ചരിത്രകാരന്മാർക്ക് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണുള്ളത്. ഇളംകുളം കുഞ്ഞൻപിള്ളയേയും, എ. ശ്രീധരമേനോനെയും പോലുള്ള ചരിത്രകാരന്മാർ പെരുമാൾ 'സുവർണ്ണയുഗവും' ചോള 'സാമ്രാജ്യവു'മൊക്കെ വരച്ചുകാണിച്ച്കൊണ്ട് നാടിന്ന് ഒരു പ്രൗഢോജ്വലമായ ഭൂതകാലം നൽകുമ്പോൾ വി.കെ. ബാലകൃഷ്ണനെപ്പോലുള്ള ആധുനിക എഴുത്തുകാർ കേരള സമൂഹത്തെ വിശേഷിപ്പിക്കുന്നത് 'ഇല്ലായ്മകൾ ഇല്ലായ്മകളായി തിരിച്ചറിയാൻ കഴിയാതിരുന്ന സമൂഹം' എന്നാണ്. അല്പമെങ്കിലും പുരോഗമിച്ചിരുന്ന വിഭാഗം ജാതിവ്യവസ്ഥയിലെ വരേണ്യവർഗ്ഗമായിരുന്നു. അവർതന്നെ അറുപട്ടിണിയോടുകൂടിയാണ് കഴിഞ്ഞിരുന്നത്. പ്രൗഢമായ സുഖഭോഗജീവിതം നയിക്കാൻ ധനശേഷിയില്ലാത്ത വർഗമായിരുന്നു അന്നത്തെ രാജാക്കന്മാർ പോലും.

കേരള ചരിത്രത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്നതിൽ അറബിക്കടലിന്റെ സ്വാധീനം വളരെ വലിയതാണ്. ബി.സി. 40ൽ അഗസ്റ്റസ് സീസറിന്റെ കാലഘട്ടത്തിൽ റോമാസാമ്രാജ്യം മലബാർ തീരവുമായി ബന്ധപ്പെടുന്നതോ



ട്കൂടി വിദേശീയരുമായുള്ള ബന്ധത്തിന് തുടക്കം കുറിക്കുന്നു. പിന്നീട് ചൈനക്കാരും അറബികളും കച്ചവടത്തിനു വേണ്ടി മലബാറുമായി ബന്ധപ്പെട്ടു. വിദേശികളുടെയും സ്വദേശികളുടെയുമിടയിലുള്ള ഇടനിലക്കാരാദ്യ തമിഴ് വംശജരായിരുന്നുവെങ്കിലും പിന്നീട് അവ കേരളത്തിലെ 'നായന്മാർ' ഏറ്റെടുക്കുകയാണ് ഉണ്ടായത്. കേരള സംസ്കാരത്തെ സമ്പന്നമാക്കുന്നതിൽ വിദേശീയർക്ക് വളരെ ചെറുതല്ലാത്ത



ഒരു പങ്കുണ്ട്.

1498 കൂടി കേരള ചരിത്രം ഒരു വഴിത്തിരിവിലേക്ക് പ്രവേശിക്കുന്നു. കേരള ജീവിതത്തിന്റെ സമസ്തമേഖലകളിലും അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് യൂറോപ്യൻ ശക്തികളുടെ കൊളോണിയൽ മേധാവിത്വത്തിന് വഴിയൊരുക്കുന്നത് ഇവിടം മുതൽക്കാണ്. വാണിജ്യവികസനം ലക്ഷ്യമാക്കിയിട്ടുള്ള പതിനഞ്ചാം നൂറ്റാണ്ടിലെ സമുദ്രയാത്രയുടെ പരിണിത ഫലമായിരുന്നു അവരുടെ ആഗമനം. ആ കാലയളവിൽ കേരളം നാട്ടുരാജാക്കന്മാരാൽ കോഴിക്കോട് കൊച്ചി തിരുവനന്തപുരം എന്നിങ്ങനെ വേർതിരിച്ച് ഭരിക്കപ്പെടുകയായിരുന്നു.

ആദ്യമായി പോർത്തുഗീസുകാരും ശേഷം ഡച്ചുകാരും ഫ്രഞ്ചുകാരും അവസാനമായി ബ്രിട്ടീഷുകാരും മലബാറിന്റെ മണ്ണിൽ വേരുറപ്പിക്കുവാൻ ശ്രമിച്ചു. പോർട്ടുഗീസ് കൊളോണിയൽ വാഴ്ചയെ കുഞ്ഞാലിമരക്കാൻ മാരാൽ നടത്തിയ ഐതിഹാസിക സമരങ്ങളാൽ തളർത്തിയപ്പോൾ ഡച്ചുകാരുടെ മോഹങ്ങൾ മാർത്താണ്ഡവർമ്മയും കുളച്ചൽ യുദ്ധത്തിലൂടെ തകർത്തു കളഞ്ഞു. ബ്രിട്ടീഷ് ഭരണത്തിന്റെ സംസ്ഥാപനത്തോട് ഒപ്പം തന്നെ ഇവിടെ സ്വാതന്ത്ര്യസമരവും ആരംഭിക്കുകയുണ്ടായി. മലബാറിൽ പഴശ്ശിരാജയും,. കൊച്ചിയിൽ പാലിയത്തച്ചനും, തിരുവിതാംകൂറിൽ വേലുത്തമ്പിദളവയും നടത്തിയ പോരാട്ടങ്ങൾ ബ്രിട്ടനെതിരെയുള്ള പ്രതിഷേധത്തിന്റെ സൂചനകളായിരുന്നു.

തുടർന്നുള്ള കാലഘട്ടങ്ങളിൽ ബൂർഷ്വാസിയുടെ ഒരു തലമുറ ഇവിടെ വളർന്നു വരുന്നതായി നമുക്ക് കാണാൻ കഴിയും. യൂറോപ്പിൽ നിന്നും ഉൾക്കൊണ്ട സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയമായിരുന്നു ഈ തലമുറയുടേത്. മലയാളസാഹിത്യത്തിനും ഈ ആദർശങ്ങൾ വളരെ പ്രകടമായിരുന്നു. കേരള സമൂഹത്തിന്റെ ബൗദ്ധികവും വൈകാരികവുമായ പുനരൈക്യത്തിനുതകുമാറ് ഒരു പുതിയ മലയാള ശൈലി തന്നെ തുടങ്ങുകയും ചെയ്തു.

ഇതേ കാലഘട്ടത്തിൽതന്നെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിക്കൊണ്ട് അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളിൽനിന്നും പുതിയ അവബോധം വളർന്നുതുടങ്ങി. ശ്രീനാരായണഗുരുവിന്റെ ഒരുജാതി, ഒരുമതം, ഒരു ദൈവം എന്ന മുദ്രാവാക്യം ഈ അവബോധത്തിനു മുഖ്യപ്രേരകശക്തിയായിത്തീർന്നു. തദവസരത്തിൽ തന്നെ കേരളത്തിൽ ധാരാളം പരിഷ്കരണപ്രസ്ഥാനങ്ങൾ വളർന്നുവന്നു. പരിഷ്കരണപ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ച ചട്ടമ്പി സ്വാമികൾ ബ്രാഹ്മണ മേധാവിത്വത്തെ തകർക്കുകയും ജയൻമാരുടെ സാമൂഹ്യപ്രബുദ്ധത ഉയർത്തുകയും ചെയ്തു. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട പുലയരുടെയും മറ്റു പിന്നോക്കജാതിക്കാരുടെയും ആത്മാഭിമാനം വളർത്തിയെടുക്കുവാനും അവർക്കിടയിൽ സാമൂഹ്യപരിഷ്കരണബോധം ഉയർത്തുവാനും അയ്യങ്കാളിയുടെ പ്രവർത്തനങ്ങളും പ്രചോദനമായി. നമ്പൂതിരി സമുദായത്തിൽ വി.ടി. ഭട്ടതിരിയും മുസ്ലീങ്ങൾക്കിടയിൽ വക്കം അബ്ദുൾഖാദർ മൗലവിയും ഈ പരിഷ്കരണത്തിന്റെ ദീപശിഖാവാഹകരായിരുന്നു.

**നമുക്ക് പുതിയ വ്യവസ്ഥകളും, ബന്ധങ്ങളും, സ്ഥാപനങ്ങളും ഘടകങ്ങളും സ്ഥാപിക്കേണ്ടിയിരിക്കുന്നു, സൃഷ്ടിക്കേണ്ടിയിരിക്കുന്നു. അതിനുള്ള പരിചയമൊ മുന്നറിവോ ഇല്ല. ചരിത്രത്തിലൊരിടത്തും അനുയോജ്യമായ മാതൃകകളും കാണുന്നില്ല. പരീക്ഷണങ്ങളും, നിരീക്ഷണങ്ങളും പരിശീലനങ്ങളും, പ്രയോഗങ്ങളുമായി, ഭൂതകാലത്ത് നിന്നും ഉൾക്കൊള്ളാവുന്നത് ഉൾക്കൊണ്ട്കൊണ്ട് അതിന്റെ വർണ്ണപ്പകിട്ടിൽ ഉന്മാതികളാവാതെ നമുക്ക് മുന്നേറാം.**

കേരള പുരോഗതിയുടെ ചരിത്രം ബൗദ്ധിക, സാംസ്കാരിക മണ്ഡലങ്ങളും പ്രകടമായിരുന്നതായി നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. ചന്തുമേനോന്റെ ഇന്ദുലേഖയും, സി.വി.യുടെ മാർത്താണ്ഡവർമ്മയും, മറ്റു നാടകങ്ങളും, മലയാളകവിതയിൽ പുതിയ കാവ്യസരണികൾ വെട്ടിത്തുറന്ന കുഞ്ഞിക്കുട്ടൻ തമ്പുരാനും, കവിത്രയങ്ങളായ കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നിവരും മലയാളത്തിൽ ഒരു പുതുയുഗപിറവിക്ക് വഴിയൊരുക്കി. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോട് കൂടി ഉയർന്നുവന്ന സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളും യൂറോപ്യൻ വിജ്ഞാനമണ്ഡലങ്ങളുമായുള്ള നിരന്തരസമ്പർക്കങ്ങളും മലയാളത്തിൽ സാമൂഹ്യവും, മാനവികവും പ്രകൃതി മഹാത്മ്യവാദവുമായ സാഹിത്യസൃഷ്ടികൾക്ക് രൂപവും ഭാവവും നൽകി.

1908ൽ സി. കുഞ്ഞിരാമമേനോൻ സിക്രട്ടറിയായി കോഴിക്കോട് ഒര മലബാർ ജില്ലാ കമ്മിറ്റി രൂപീകരിക്കപ്പെട്ടുവെങ്കിലും അതിന്റെ പ്രവർത്തനമണ്ഡലം പരിമിതമായിരുന്നു. എന്നാൽ തുടർച്ചയായ ഒരു രാഷ്ട്രീയ പ്രവർത്തനം തുടങ്ങുന്നത് 1916ൽ കെ.പി.കേശവമേനോൻ സെക്രട്ടറിയായിക്കൊണ്ട് ഹോംറൂൾ ലീഗ് സ്ഥാപിച്ചതു മുതൽക്കാണ്. മലബാ

റിൽ രാഷ്ട്രീയത്തിന് ഒരു പുത്തനുണർവുണ്ടായെങ്കിലും സംഘടിതമായ രാഷ്ട്രീയപ്രവർത്തനം മന്ദഗതിയിലായിരുന്നു.

അഖിലേന്ത്യാതലത്തിൽ എന്നപോലെ കേരളത്തിലും രാഷ്ട്രീയപ്രവർത്തനം ജനകീയവൽക്കരിക്കപ്പെടുന്നത് ഖിലാഫത്ത് നിസ്സഹകരണപ്രസ്ഥാനങ്ങളിലൂടെയാണ്. 1920ൽ നടന്ന മലബാർ ജില്ലാ രാഷ്ട്രീയ സമ്മേളനവും, മലബാറിലെ കുടിയാൻ നിയമവും രാഷ്ട്രീയ സാമൂഹ്യരംഗത്തിലെ വൻനേട്ടങ്ങളായിരുന്നു. കെ. കേളപ്പന്റെ നേതൃത്വത്തിൽ നടന്ന 1921ലെ വൈക്കം സത്യാഗ്രഹവും തുടർന്നുവന്ന ഗുരുവായൂർ സത്യാഗ്രഹവും കേരളചരിത്ര പുരോഗതിക്ക് മാറ്റുകൂട്ടുന്നു. ഖിലാഫത്ത് നിസ്സഹകരണപ്രസ്ഥാനങ്ങൾക്കിടയിൽ 1921ൽ ദക്ഷിണ മലബാറിൽ നടന്ന മലബാർ കലാപവും അതോടനുബന്ധിച്ച് നടന്ന വാഗൺ ട്രാജഡിയും ചരിത്രത്തിലെ ഒരു കറുത്ത പാടായി അവശേഷിക്കുന്നു. പിന്നീട് കുറച്ചടങ്ങിയ സമരവീര്യം ഉയർത്തെഴുന്നേൽക്കുന്നത് സിവിൽ നിയമലംഘനപ്രസ്ഥാനത്തിലൂടെയാണ്.

ഗാന്ധിയൻ സമരമാർഗ്ഗങ്ങളിൽ വിശ്വാസം നഷ്ടപ്പെട്ടു ഒരു പറ്റം ഉൽപതിഷ്ണുക്കൾ നിയമലംഘനപ്രസ്ഥാനത്തിന്റെ പരാജയം വിലയിരുത്തുകയും സാമൂഹ്യഘടകങ്ങളെ സംഘടിപ്പിച്ചുകൊണ്ട് 1934ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർടിക്ക് രൂപം കൊടുത്തു. സി.എസ്.പി.യുടെ ആഗമനത്തോട്കൂടിയാണ് ശരിയായ രീതിയിലുള്ള തൊഴിലാളിപ്രസ്ഥാനം മലബാറിൽ വളരുന്നത്. ഇതിനു കീഴിൽ തൊഴിലാളി സംഘടനകൾക്ക് രൂപം കൊടുക്കുകയും, കർഷകരെ രാഷ്ട്രീയമായി ഉൽബുദ്ധരാക്കപ്പെടുകയും ചെയ്തു. കേരള ചരിത്രത്തിലെ ഒരു പരിവർത്തനകാലഘട്ടമായിരുന്ന ഇത്. 1939ൽ തലശേരിക്കടുത്ത് വെച്ചു നടന്ന രഹസ്യയോഗത്തിൽ സി.എസ്.പി. കമ്യൂണിസ്റ്റ് പാർടിയായി രൂപാന്തരപ്പെട്ടു.

സാമ്രാജ്യത്തിനും ഭൂപ്രഭുത്വത്തിനും എതിരെ കമ്യൂണിസ്റ്റ് പാർടിയും കർഷകസംഘവും നടത്തിയ ശക്തമായ സമരങ്ങളുടെ വേലിയേറ്റണായിരുന്നു കയ്യൂർ സമരം. അതുപോലെതന്നെ തിരുവിതാംകൂറിലെ മലയാളി മെമ്മോറിയലും, ഉത്തരവാദഭരണപ്രക്ഷോപണവും കേരളത്തിന്റെ വളർച്ചക്ക് ആക്കം കൂട്ടി. 'അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് 1946ൽ സർ സി.പി.യുടെ ഭരണപരിഷ്കാരങ്ങൾക്കെതിരെ കമ്യൂണിസ്റ്റ്പാർടിയുടെ നേതൃത്വത്തിൽ നടന്ന പുന്നപ്രവയലാർ സമരം രക്തരൂക്ഷിതമായിരുന്നുവെങ്കിലും അത് കേരളഭരണപരിഷ്കാരങ്ങളുടെ മുന്നോടിയായിത്തീർന്നു.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഐക്യകേരളത്തിന് വിത്തുപാകിക്കൊണ്ട് 1921ൽ കേരളാ പ്രദേശ് കോൺഗ്രസ് കമ്മറ്റി നിലവിൽവന്നു. 1947ൽ കെ. കേളപ്പന്റെ നേതൃത്വത്തിൽ ഭൂമിശാസ്ത്രവും ഭാഷാപരവും, സാംസ്കാരികവും ഭരണപരവുമായ പരിഗണനവെച്ച് തിരുകൊച്ചിയും, മലബാറും, മയ്യഴിയും ചേർന്ന സ്വയം ഭരണാധികാരമുള്ള ഘടകമായി സംഘടിപ്പിക്കുന്നതിന് വേണ്ടി ആവശ്യപ്പെട്ടു. ഐക്യകേരളത്തിനനുകൂലമായും പ്രതികൂലമായും നിരവധി മെമ്മോറാണ്ടങ്ങൾ സമർപ്പിക്കപ്പെട്ടതിന് ശേഷം കെ.എം. പണിക്കർ അംഗമായ കമ്മീഷൻ റിപോർടിനെ ആസ്പദമാക്കി സ്റ്റേറ്റ്സ് റീ ഓർഗനൈസേഷൻ ആക്ട്' 1956 പ്രകാരം 1956ന് നവംബർ ഒന്നിന് കേരള സംസ്ഥാനം നിലവിൽവന്നു.

സംസ്ഥാന രൂപീകരണത്തെ തുടർന്ന് വന്ന ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇഎംഎസിന്റെ നേതൃത്വത്തിൽ ലോകത്തിൽതന്നെ ആദ്യമായി ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ബാലറ്റ് പെട്ടിയിലൂടെ അധികാരത്തിൽവന്നു. അവിടന്നങ്ങോട്ട് പുരോഗതിയുടെ ഒരു വമ്പിച്ച വിസ്ഫോടനം നടന്നു. കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം നടപ്പിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട പരിഷ്കരണം ഭൂപരിഷ്കരണമാണ്. ഇത്മൂലം കേരളത്തിലുടനീളം സാമൂഹിക സാമ്പത്തിക മേഖലയിൽ വമ്പിച്ച പുരോഗതിയുണ്ടായി. ഭൂസ്വത്തിന്റെ വികേന്ദ്രീകരണത്തോട്കൂടി ഭൂരഹിതരുടെ കൈയിൽ



സമ്പത്ത് വന്നുചേരുകയും തന്മൂലം വിവിധ രൂപേണയുള്ള ചൂഷണം പരമാവധി കുറച്ചുകൊണ്ടുവരുന്നതിന് സാധിക്കുകയും ചെയ്തു.

രണ്ടായിരാമാണ്ട് പിന്നിടുമ്പോൾ നമ്മുടെ കൊച്ചു കേരളത്തിന്റെ ബാലാരിഷ്ഠതകൾ പലതും മാറിയിട്ടില്ലെങ്കിലും പല

**ഇഎംഎസിന്റെ നേതൃത്വത്തിൽ ലോകത്തിൽതന്നെ ആദ്യമായി ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ബാലറ്റ് പെട്ടിയിലൂടെ അധികാരത്തിൽവന്നു. അവിടന്നങ്ങോട്ട് പുരോഗതിയുടെ ഒരു വമ്പിച്ച വിസ്ഫോടനം നടന്നു. കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം നടപ്പിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട പരിഷ്കരണം ഭൂപരിഷ്കരണമാണ**

മേഖലകളിലും അതിന് പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. അതിനൊരുത്തമ ഉദാഹരണമാണ് വിദ്യാഭ്യാസമേഖല. വിദേശമിഷനറിമാരാൽ തുടങ്ങിയതെങ്കിലും കേരളത്തിന്റെ മൊത്തം സമതുലിതമായ വിദ്യാഭ്യാസ വളർച്ചയുടെ ചരിത്രം ആരംഭിക്കുന്നത് സ്വാതന്ത്ര്യലബ്ധിക്ക്ശേഷം ഏകദേശം ഒരു പതിറ്റാണ്ട് പിന്നിട്ടാണ്. തിരുകൊച്ചിയോടൊപ്പം മലബാറിന് എത്തിച്ചേരുവാനുള്ള കാലതാമസായിരുന്നു ഇതിന് കാരണം. മലബാറിന്റെ മാറിമാറി വന്ന ഗവൺമെന്റുകളുടെ പ്രത്യേക പരിഗണനയാൽ എല്ലാ വികസനമേഖലയിലുമുള്ള പിന്നോക്കാവസ്ഥ കുറക്കാൻ കഴിഞ്ഞു. എലിമന്ററി വിദ്യാഭ്യാസമെന്ന അടിസ്ഥാനലക്ഷ്യം കേരളം ഏതാണ്ട് നേടിക്കഴിഞ്ഞു. സാക്ഷരതയിൽ കേരളം മുൻപന്തിയിൽ നിൽക്കുന്നു. കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ 30 ശതമാനവും ചെലവഴിച്ചിരുന്നത് വിദ്യാഭ്യാസമേഖലയിലാണ്. പക്ഷേ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കേരളീയരുടെ ഒരു ദൗർബല്യമായി മാറിയിരിക്കുന്നു. വിദ്യാഭ്യാസം കൊണ്ട് ജീവിതഭദ്രത ഉദ്ദേശിക്കുന്നകൊണ്ടാണത്. അതിനോടുള്ള അമിതാഭിമുഖ്യം സ്വതസിദ്ധമായ താല്പര്യങ്ങൾ വളർത്തിയെടുക്കുന്നതിന് തടസ്സമാവുന്നു. വിദ്യാഭ്യാസത്തിൽ നാം വളരെയേറെ മുൻപന്തിയിലാണെങ്കിലും വളർച്ചയുടെ അനിയന്ത്രിതമായ ഗതിവേഗവും കോളറുകളിലെ വിദ്യാർത്ഥിപ്പെരുപ്പവും ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുകയുണ്ടായി എന്ന കാര്യത്തിൽ സംശയം ഇല്ല. ഈ ദ്രുതഗതിയിലുള്ള വളർച്ചക്കനുസൃതമായി കൂടുതൽ ഗുണനിലവാരമുള്ള സാർവ്വർത്രിക സ്കൂൾ വിദ്യാഭ്യാസം കേരളത്തിനാവശ്യമാണ്. വിദ്യാഭ്യാസത്തിന്റെ ഭരണ നിർവ്വഹണം, അദ്ധ്യാപക പരിശീലനം, പാഠ്യപദ്ധതിയുടെ നവീകരണം പരീക്ഷാസമ്പ്രദായത്തിന്റെ പരിഷ്കരണം തുടങ്ങിയവയിലും നമുക്കത് നേടിയെടുക്കാൻ കഴിയുന്നതാ?ണ്.

ആരോഗ്യമേഖലയിലും നമ്മുടെ പുരോഗതി ആശാവഹമാണ് മൂന്നാംലോകമഹാരാഷ്ട്രങ്ങളുടെ ആരോഗ്യ പുരോഗതി വിലയിരുത്തുമ്പോൾ പൊന്തിവരുന്ന മാതൃക ഒരു സതന്ത്ര രാഷ്ട്രത്തിലെ കേരളമാണെന്ന വസ്തുത നമുക്ക് അഭിമാനിക്കാനുള്ള വക നൽകുന്നു. ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, പൊതുമരണനിരക്ക് എന്നിവയുടെ കുറവ്, ആയുർദൈർഘ്യത്തിലുള്ള വർദ്ധനവ് എന്നീ സൂചികകൾ കണക്കാക്കുമ്പോൾ ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളേക്കാളും നാം ബഹുദൂരം മുമ്പിലാണ്. ഏറെക്കുറെ പടിഞ്ഞാറൻ നാടുകൾക്ക് സമാനമായിതന്നെ. താരതമ്യേന കുറഞ്ഞ ദേശീയ വരുമാനത്തിലാണ് അഭൂതപൂർവ്വമായ ഈ നേട്ടം എന്നത് ഈ പുരോഗതിയുടെ 'മാറ്റ്' കൂടുന്നു. ആരോഗ്യമേഖലയിൽ സർക്കാറിനുള്ള ആധിപത്യവും നിർണ്ണായക പങ്കും നാൾക്കുനാൾ കുറഞ്ഞുവരികയും സ്വകാര്യമേഖലയുടെ പങ്ക് വഹിക്കുകയും ചെയ്യുന്നു. സ്വകാര്യമേഖലയിൽ ഈ വളർച്ചക്ക് കാരണം രോഗങ്ങളുടെ പ്രാചുര്യമാണ്. പരിസ്ഥിതി പ്രശ്നങ്ങളിൽ മലയാളി കാട്ടിവരുന്ന തികഞ്ഞ അവജ്ഞയും വർദ്ധിച്ചുവരുന്ന നാഗരികതയും അവിദഗ്ദരുടെ വിനിയോഗവുമാണ് ഇതിനു കാരണം. ഇതിൽ പലതും പരിഹരിച്ചുവരുന്നുണ്ട്.

കേരളത്തിന്റെ രാഷ്ട്രീയ മേഖലയിലുള്ള വളർച്ച അഭൂതപൂർവ്വമായിരുന്നു. പ്രൊഫ. കെ. രാമൻപിള്ള കേരളത്തെ വിളിക്കുന്നത് 'ഇന്ത്യയുടെ രാഷ്ട്രീയ പരീക്ഷണ ശാല' എന്നാണ്. രാഷ്ട്രീയമായി ഉൽബുദ്ധരായ ജനതയാണ് കേരളത്തിലുള്ളത്. ആദ്യമായി പ്രായപൂർത്തി വോട്ടവകാശത്തിൽ അധിഷ്ഠിതമായ തെരഞ്ഞെടുപ്പ് നടത്തി ഇന്ത്യക്ക് മാതൃകയായത് (1948ൽ കൊച്ചിയിലും തിരുവിതാംകൂറിലും) അവരാണ് ബാലറ്റ്പെട്ടിയിലൂടെ കമ്മ്യൂണിസ്റ്റുകളെ ആദ്യമായി ഭരണത്തിലേറ്റിയതും. ന്യൂനപക്ഷങ്ങൾക്ക് ഭരണാധികാരം നൽകിയതും, കൂട്ടുകക്ഷി ഭരണം നടത്തിയതെല്ലാംതന്നെ. പക്ഷേ, മതതീവ്രവാദ പ്രസ്ഥാനങ്ങൾ കേരള രാഷ്ട്രീയത്തിലേക്ക് ഒഴിപ്പിച്ച പിശാചുകൾ പോല തിരിച്ചുവരുന്നത് ഒരു വെല്ലുവിളിയാവുന്നത് ആനുകാലികമാണ്. അവയുടെ തുടരെതുടരെയുള്ള പരാജയങ്ങളിൽ നമുക്കാശ്വസിക്കാം.

1969ൽ ഔപചാരികമായി നടപ്പിലാക്കിയ സമഗ്രപരിഷ്കരണത്തോട്കൂടി ഭൂരഹിത കർഷകർക്ക് കുടിയാന്മാർക്ക് ഭൂമി വിതരണം ചെയ്യപ്പെട്ടു. ഇങ്ങനെ വരുമാനത്തിന്റെ ഉറവിടമായ ഭൂമിയുടെ പുനർ വിതരണത്തിലൂടെ സമൂഹത്തിന്റേ ഭൂരിഭാഗത്തിന്റേയും ജീവിതനിലവാരം വർദ്ധിച്ചു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമ്പത്തിക മേഖലയിൽ മദ്ധ്യവർഗത്തിന്റെ നിലനിൽപിനു ഒരു കാരണം

> **തൊഴിൽ സാമൂഹികം, സാംസ്കാരികം, രാഷ്ട്രീയം, ഭക്ഷ്യം തുടങ്ങിയ മേഖലയിൽ നാം ഒരുപാട് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. കേന്ദ്രീകൃതവും മൂലധനസാന്ദ്രവുമായ വികസനം ജനങ്ങളിലേക്ക് എത്തിച്ചേരുന്നതിനുള്ള കാലവിളംബം ഒഴിവാക്കാൻ കണ്ടെത്തിയ ഉപായമായ ജനകീയാസൂത്രണത്തിന് പ്രശ്നങ്ങളിൽ ചിലതെങ്കിലും പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം, വിശ്വസിക്കാം.**


ഏറെകുറെ തുല്യമായ ഈ വിഹിതം %%%%% ഉരുത്തിരിഞ്ഞതാവാം. ഭൂപരിഷ്കരണത്തെ തുടർന്ന് പ്ലാന്റേഷൻ വിഭാഗത്തിൽപെടാത്ത പരമ്പരാഗത കർഷകരുടെ വിളവുകളായ നെല്ല്, തെങ്ങ്, പച്ചക്കറി, കുരുമുളക് എന്നിവയുടെ ഉൽപാദന രംഗത്ത് ഏറെ നേട്ടം കൊയ്യാൻ നമുക്കു കഴിഞ്ഞില്ല. എന്നാൽ റബ്ബർ, കാപ്പി തുടങ്ങിയ വിളവുകളുടെയും പാൽ ഉല്പാദനരംഗത്തിന്റെയും രംഗത്ത് വമ്പിച്ച ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. ധാന്യാവശ്യങ്ങൾക്ക് വേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് നമുക്ക് ഒഴിവാക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

പൊതുമേഖലയിലായാലും സ്വകാര്യമേഖലയിലായാലും താരതമ്യേന മെച്ചപ്പെട്ട രീതിയിൽ

പ്രവർത്തിക്കുന്നവയാണ് കേരളത്തിലെ വ്യവസായശാലകൾ എഫ്.എ.സി.ടിയും കൊച്ചിൻ റിഫൈനറിയും, കപ്പൽ നിർമ്മാണശാലയും അതിനുദാഹരണങ്ങളാണ്. കേന്ദ്ര പൊതുമേഖലയിലെ മുതൽമുടക്കിന്റെ ആളോഹരി വിഹിതം നോക്കുമ്പോൾ കേരളം പിന്നിലാണെങ്കിലും നിലവിലുള്ള വ്യവസായങ്ങളുടെ സാധ്യതകൾ മനസ്സിലാക്കി തന്നെ വികസനം സാധ്യമാക്കുന്നതിന് വേണ്ടി സംസ്ഥാനസർക്കാറിന്റെ ഒട്ടേറെ വകുപ്പുകൾ ഇന്ന് പ്രവർത്തിക്കുന്നത് മൂലം വ്യവസായ മേഖലയിൽ ഉണർവ്വ് കാണുന്നത്.

ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ രംഗങ്ങളിലും വളരെ വൈകിയാണെങ്കിലും നാം കാലെടുത്ത് വെച്ചിരിക്കുന്നു. ഇലക്ട്രോണിക്സ് മേഖലയിലെ പട്ടികയിൽ എന്തുകൊണ്ടും പ്രഥമവും പ്രധാനവുമായ സ്ഥാനം അലങ്കരിക്കാൻ കേരളത്തിന്റെ സ്ഥാപനമായ "കെൽട്രോണിന്" കഴിഞ്ഞു. ദൃശ്യശ്രാവ്യമാധ്യമങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ചില നടപടികൾ ഐ.ടിയുടെ വികസനത്തിന് ഇവിടെ വഴിയൊരുക്കി. കമ്പ്യൂട്ടറും ഉപോൽപന്നമായ ഇന്റർനെറ്റുമൊക്കെ വികസനപ്രക്രിയക്ക് ആക്കം കൂട്ടുകയും ചെയ്തു. ഇതുമൂലം കേരളത്തിന്റെ ഏറ്റവും വലിയ ശാപമായ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ കുറക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. ഈ കാഴ്ചപ്പാടോട് കൂടിയാണ് കോഴിക്കോട്ടും കൊച്ചിയിലും സോഫ്റ്റ്വേർ പാർക്കുകളും, കൂടുതൽ മുതൽമുടക്കുള്ള ടെക്നോപാർക്ക് പോലുള്ള സംരംഭങ്ങളും സ്ഥാപിച്ചത്. ബയോടെക്നോളജി രംഗത്തും നാം വളരെയധികം പുരോഗതി പ്രാപിച്ചിട്ടുണ്ട്. ഈ അനന്തമായ സാധ്യതകൾ നമ്മുടെ കൊച്ചു കേരളത്തിന്റെ വളർച്ചയിലേക്ക് വിരൽ ചൂണ്ടുന്നു. ടൂറിസം വികസനനത്തിൽ കേരള ടൂറിസം ഡവലപ്മെന്റ് കോർപറേഷന്റെ പങ്കു എടുത്തുപറയേണ്ടതാണ്.

ഈ നൂറ്റാണ്ടിന്റ അന്ത്യത്തിൽ ആത്മപരിശോധനയുടെ മുഹൂർത്തത്തിൽ നേട്ടങ്ങൾ പലതുമുട്. അവ നിരത്തിവെച്ച് മേനി പറഞ്ഞത് കൊണ്ടായില്ല. അത് മിഥ്യാഭിമാനത്തെ ഉയർത്തുന്നതല്ലാതെ നിലവിലുള്ള അവസ്ഥയിൽനിന്ന് മുന്നോട്ട് നീങ്ങുകയില്ല. മുക്ക് വേണ്ടത് ഗതകാല ഗതിവിഗതികളുടെ സൂക്ഷ്മമായ ഒരു പരിശോധനയാണ്. ഇന്ന് ഘടനാപരമായ ഒരു പ്രതിസന്ധികൂടി നാം അഭിമുഖീകരിച്ച്കൊണ്ടിരിക്കുകയാണ്. തമ്മിൽ പൊരുത്തപ്പെടാത്ത ഒരു പാട് ഘടകങ്ങൾ നമുക്കുണ്ട്. പ്രാതിനിധ്യസമ്പ്രദായവും നിരക്ഷരതയും, (രാഷ്ട്രീയ നിരക്ഷരത) ആസൂത്രിത വികസനവും, ഭക്ഷ്യകമ്മിയും, ഭൗതിക വളർച്ചയും പരിതസ്ഥിതിയുടെ ഇടർച്ചയും, തമ്മിലുള്ള വൈരുദ്ധ്യങ്ങൾ കേരളത്തിൽ രൂക്ഷമാണ്. കേരളത്തിന്റെ ചരിത്രംപോലും വളച്ചൊടിക്കപ്പെടുന്ന സന്ദർഭമാണിത്. മറ്റു സംസ്ഥാനങ്ങളെക്കാൾ കുറവെങ്കിലും വളർന്നുവരുന്ന പാർട്ടി സമ്പ്രദായവും സങ്കുചിത വിഭാഗീയതയും കേരള പുരോഗതിയെ അപഹസിക്കുന്നു. തലതിരിഞ്ഞ



വികസനവും സ്വാർത്ഥ രാഷ്ട്രീയ മേധാവിത്വവും ഇവിടെയും വളർന്നു വരുന്നു.

വെസ്റ്റ് ഏഷ്യയിലെ ചെറു പ്രതിസന്ധികൾ പോലും കേരള സമ്പത്‌വ്യവസ്ഥയിൽ കോളിളക്കം സൃഷ്ടിക്കുന്നു. സംസ്ഥാനാന്തര ലോറിസമരം ചുരുങ്ങിയ ദിവസങ്ങൾ നീണ്ടുപോയാൽ ഇവിടെ ഭക്ഷ്യകമ്മി അനുഭവപ്പെടുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് നാൾക്കുനാൾ മങ്ങലേൽക്കുന്നു. ചേരിനിവാസികളുടെ പ്രശ്നങ്ങളും അവരാലുണ്ടാവുന്ന പ്രശ്നങ്ങളും വർദ്ധിച്ചുവരുന്നു. ഇങ്ങനെ തൊഴിൽ സാമൂഹികം, സാംസ്കാരികം, രാഷ്ട്രീയം, ഭക്ഷ്യം തുടങ്ങിയ മേഖലയിൽ നാം ഒരുപാട് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. കേന്ദ്രീകൃതവും മൂലധനസാന്ദ്രവുമായ വികസനം ജനങ്ങളിലേക്ക് എത്തിച്ചേരുന്നതിനുള്ള കാലവിളംബം ഒഴിവാക്കാൻ കണ്ടെത്തിയ ഉപായമായ ജനകീയാസൂത്രണത്തിന് പ്രശ്നങ്ങളിൽ ചിലവയെങ്കിലും പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം, വിശ്വസിക്കാം.

കൂടാതെ നമുക്ക് പുതിയ വ്യവസ്ഥകളും, ബന്ധങ്ങളും, സ്ഥാപനങ്ങളും ഘടകങ്ങളും സ്ഥാപിക്കേണ്ടിയിരിക്കുന്നു, സൃഷ്ടിക്കേണ്ടിയിരിക്കുന്നു. അതിനുള്ള പരിചയമൊ മുന്നറിവോ ഇല്ല. ചരിത്രത്തിലൊരിടത്തും അനുയോജ്യമായ മാതൃകകളും കാണുന്നില്ല. പരീക്ഷണങ്ങളും, നിരീക്ഷണങ്ങളും പരിശീലനങ്ങളും, പ്രയോഗങ്ങളുമായി, ഭൂതകാലത്ത് നിന്നും ഉൾക്കൊള്ളാവുന്നത് ഉൾക്കൊണ്ട്കൊണ്ട് അതിന്റെ വർണ്ണപ്പകിട്ടിൽ ഉന്മാതികളാവാതെ നമുക്ക് മുന്നേറാം.

അതിസൂക്ഷ്മമായ അനുഭവപാഠങ്ങളിലൂടെ....
അതിസൂക്ഷ്മായ സൈദ്ധാന്തിക വിശകലനങ്ങളിലൂടെ...
പരസ്പര സഹകരണ മനോഭാവത്തോടെ...
വരും നൂററാണ്ടിലേക്ക്..
ഒരു പുതിയ വെളിച്ചത്തിലേക്ക്...

□